# "ഭരണഭാഷ മാതൃഭാഷ"

അടിയന്തിരം

A1/364/16

ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ
ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ്
ബാലുശ്ശേരി, കോഴിക്കോട്.
Ph-0496- 2646342
Email-gcbalussery.dce@kerala.gov .in

തീയതി: 05.02.2022

പ്രേഷകൻ

പ്രിൻസിപ്പാൾ

സ്വീകർത്താവ്

മാനേജിങ് ഡയറക്ടർ ,
കിറ്റ്കോ ലിമിറ്റഡ്
പിബി നമ്പർ 4407, പുതിയ റോഡ് , എൻ എച് ബൈപാസ്സ്
വെണ്ണല , കൊച്ചി

വിഷയം:- ഡോ. ബി. ആർ അംബേദ്കർ മെമ്മോറിയൽ ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ് ബാലുശ്ശേരി-കോളേജിലെ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ നിർദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന:- 1).03/ 12/ 2021,06/ 01/ 2022 എന്നീ തിയ്യതികളിലെ ഇതേ നമ്പർ കത്ത്

കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ അടിയന്തിര ശ്രദ്ധ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് KITCO ലിമിറ്റഡ് കൊച്ചി മാനേജിങ് ഡയറക്ടർക്ക് 06-01-2022 ലും, 03-12-2021 ലും കത്തുകൾ നൽകിയെങ്കിലും (കത്ത് വീണ്ടും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) ഇതുവരെ മറുപടി ലഭിച്ചിട്ടില്ല എന്ന് അറിയിക്കുന്നു.

1. മെയിൻ ബ്ലോക്കിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് KITCO ഡിസൈൻ ടീം ഡ്രായിങ്സ് നൽകുന്നതിലുള്ള കാലതാമസം കാരണം വളരെയധികം താമസം നേരിടുന്നുണ്ട്. നിലവിൽ KITCO ലഭ്യമാക്കിയിരിക്കുന്ന ഒന്നാം നിലയുടെ ഒരുഭാഗത്തിന്റെ ഡിസൈനിൽ സങ്കൻ സ്ലാബ് ഉൾപെടുത്താത്തതുകൊണ്ട് സങ്കൻ സ്ലാബ് ഉൾപടേണ്ടുന്ന ഭാഗം കോൺക്രീറ്റ് ചെയ്യാതെ ബാക്കിയുള്ള ഭാഗം കോൺക്രീറ്റ് ചെയ്തിരിക്കുകയാണ്. എന്നാൽ ഇന്ന് (04-02-2022, 6.00PM) ന് നിലവിൽ കോൺക്രീറ്റ് ചെയ്തതിന്റെ മറുഭഗത്ത് സങ്കൻ സ്ലാബ് ഇല്ലാതെ കോൺക്രീറ്റിനായി തട്ട് സെറ്റ് ചെയ്യുന്നത് കണ്ടപ്പോൾ സർക്കാരിന്റെ മാസ്റ്റർ പ്ലാനിനു വിരുദ്ധമായി തട്ട് സെറ്റ് ചെയ്യരുത് എന്നും സങ്കൻ സ്ലാബ് ഡിസൈൻ KITCO ലഭ്യമാക്കിയതിനുശേഷം മാത്രമേ സങ്കൻ സ്ലാബ് ഉള്ള ഭാഗങ്ങൾ തട്ട് സെറ്റ് ചെയ്ത് കോൺക്രീറ്റ് ചെയ്യാവൂ എന്നും ഹൈലൈറ്റ് സൂപ്പർവൈസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല മെയിൻ ബ്ലോക്കിന്റെ നടുഭാഗത്തായി വരുന്ന വൃത്താകൃതിയിലുള്ള ഭാഗത്തിന്റെ ഡിസൈൻ ഇതുവരെ KITCO ലഭ്യമാക്കാത്തതുകൊണ്ടു അവിടെ ഇതുവരെ ഒരു നിർമ്മാണ പ്രവർത്തനങ്ങളും തുടങ്ങാൻ കഴിയാതെ അനന്തമായി നീണ്ടു പോകുന്നു. അതിനാൽ KITCO ഡിസൈൻ ടീം നിർമ്മാണ മേഖല എത്രയും പെട്ടെന്ന് സന്ദർശിച്ച **ജി+2 എന്ന നിലയിലുള്ള ഡ്രായിങ്സ്** സങ്കൻ സ്ലാബുകൾ ഉൾപ്പെടുത്തി വളരെ വേഗത്തിൽ ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനുള്ള നടപടികൾ അടിയന്തിരമായി എടുക്കേണ്ടതാണ് എന്ന് അഭ്യർത്ഥിക്കുന്നു.

2 . വാട്ടർ ടാങ്കിനടുത്തുള്ള  ഹോസ്റ്റലിന്റെ ഫൂട്ടിങ്ങിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട 24-11-2021 മുതൽ KITCO പ്രൊജക്റ്റ് സെപ്സിഫിക് എൻജിനീയറുടെ മെയിൽ പ്രകാരം വെള്ളം നിറയ്ക്കുന്നില്ല.    വാട്ടർ ടാങ്കിന്റെ ഒരു പില്ലർ വരുന്ന ഭാഗം ഹോസ്റ്റലിന്റെ ഒരു ഫൂട്ടിങ്ങിന്റെ അടുത്തായിഏകദേശം 3 മീറ്റർ ലെവൽ വെത്യാസത്തിൽ ആയതിനാൽ വാട്ടർ ടാങ്കിന്റെ മേൽ പറഞ്ഞ പില്ലറിന്റെ ഭാഗത്തുള്ള മണ്ണ് മാറാതിരിക്കാനയി ബലത്തിൽ ഒരു റീറ്റെയ്നിങ് വോൾ നിർമിക്കാതെ വെള്ളം മേൽ ടാങ്കിൽ പമ്പ് ചെയ്യാൻ കഴിയില്ല. ആയതിനാൽ എത്രയും പെട്ടന്ന് അതിനുള്ള നടപടികൾക്കായുള്ള നിർദേശം KITCO നൽകണം  എന്ന് അഭ്യർത്ഥിക്കുന്നു.

Approval Valid

Digitally Approved By
Dr. S.J Shabu
Date: 05.02.2022
Reason: Approved

വിശ്വസ്തതയോടെ

Dr. S.J Shabu
പ്രിൻസിപ്പാൾ (ഇൻ ചാർജ്)
പ്രിൻസിപ്പാൾക്കു വേണ്ടി